ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE:06.09.2024**

## പ്രധാനവാർത്തകൾ

1) മഴവെള്ള സംഭരണത്തിനായി ഗുജറാത്തിൽ നടപ്പാക്കുന്ന 'ജൽ സഞ്ചയ് ജൻ ഭാഗീദാരി' പദ്ധതി പ്രധാനമന്ത്രി നരേന്ദ്രമോദി അല്പസമയത്തിനകം ഓൺലൈനായി ഉദ്ഘാടനം ചെയ്യും.

2) വ്യവസായ നിക്ഷേപ സൗഹൃദ പട്ടികയിൽ കേരളം രാജ്യത്ത് ഒന്നാമതെത്തിയത് സംസ്ഥാനത്തിന്റെ വ്യവസായ മേഖലയ്ക്ക് ഊർജം പകരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

3) ഐശ്വര്യത്തിൻറെയും സമൃദ്ധിയുടെയും നാളുകളുടെ വരവറിയിച്ച് ഇന്ന് അത്തം ; പത്താംനാൾ മലയാളികളുടെ പ്രിയപ്പെട്ട തിരുവോണം.

4) സംസ്ഥാനത്ത് ഓണാഘോഷങ്ങൾക്ക് തുടക്കംകുറിച്ച് തൃപ്പൂണിത്തുറയിൽ അത്തച്ചമയ ഘോഷയാത്ര .

5) കെ-സ്റ്റോറുകളുടെ എണ്ണം അടുത്ത വർഷം രണ്ടായിരം കടക്കുമെന്ന് മന്ത്രി ജി.ആർ അനിൽ.

6) തദ്ദേശ വകുപ്പുമായി ബന്ധപ്പെട്ട നിയമഭേദഗതികൾ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് മന്ത്രി എം ബി രാജേഷ്.

*************************

RNU TVPM

## പ്രധാനമന്ത്രി

മഴവെള്ള സംഭരണത്തിനായി ഗുജറാത്തിൽ നടപ്പാക്കുന്ന 'ജൽ സഞ്ചയ് ജൻ ഭാഗീദാരി' പദ്ധതി പ്രധാനമന്ത്രി നരേന്ദ്രമോദി അല്പസമയത്തിനകം ഓൺലൈനായി ഉദ്ഘാടനം ചെയ്യും. പദ്ധതിയുടെ ഭാഗമായി ഗുജറാത്തിലുടനീളം ഏകദേശം 24,800 മഴവെള്ള സംഭരണികൾ നിർമിക്കും. ജനകീയ പങ്കാളിത്തത്തോടെയുള്ള ഗുജറാത്തിലെ മഴവെള്ള സംഭരണ പദ്ധതികൾ രാജ്യത്തിനുതന്നെ മാതൃകയായി ചൂണ്ടിക്കാണിക്കപ്പെടുന്നു.

*************************

## ഓണം

ഇന്ന് അത്തം. പത്താംനാൾ മലയാളികളുടെ പ്രിയപ്പെട്ട തിരുവോണം. മുറ്റത്ത് ഇന്ന് മുതൽ പൂക്കളങ്ങൾ വിരിഞ്ഞു തുടങ്ങും. വയനാട് ദുരന്തമേൽപിച്ച ആഘാതത്തിനിടയിലും മലയാളികൾ ഓണത്തെ വരവേൽക്കാൻ ഒരുങ്ങുകയാണ്. പൂക്കളങ്ങൾ, ഓണക്കോടി, ഓണക്കളികൾ, ഓണസദ്യ തുടങ്ങി എല്ലാത്തിനും ഒരുക്കം തുടങ്ങി. ഓണവിപണികളും സജീവമായി. സംസ്ഥാനമൊട്ടാകെ ജമന്തി, മുല്ല, താമര എന്നിവ ഉൾപ്പെട്ട പൂക്കൃഷി വിളവെടുപ്പിന് പാകമായി. ഇത്തവണ 3000 വനിതാ കർഷക സംഘങ്ങൾ 1253 ഏക്കറിൽ പൂകൃഷി നടത്തി. ഓണപരീക്ഷകൾ ഈ മാസം 12 ന് പൂർത്തിയാകുന്നതോടെ ആഘോഷങ്ങൾക്ക് കുട്ടികളുടെ പങ്കാളിത്തമേറും.

*************************

RNU TVPM

## അത്തച്ചമയ ഘോഷയാത്ര..ഇൻട്രോ

സംസ്ഥാനത്ത് ഓണാഘോഷങ്ങൾക്ക് തുടക്കം കുറിച്ച് തൃപ്പൂണിത്തുറയിൽ അത്തച്ചമയ ഘോഷയാത്ര. ഫ്രാൻസിസ് ജോർജ് എംപി അത്തം പതാക ഉയർത്തി. അത്തം നഗറായ തൃപ്പൂണിത്തുറ ഗവൺമെൻറ് ബോയ്സ് ഹൈസ്കൂൾ ഗ്രൗണ്ടിൽ നടന്ന ചടങ്ങിൽ സ്പീക്കർ എ എൻ ഷംസീർ ഘോഷ യാത്ര ഉദ്ഘാടനം ചെയ്തു. ജാതി മത വേലിക്കെട്ട് ഇല്ലാത്ത, സമഭാവനയുടെയും, സ്നേഹത്തിന്റെയും, സഹിഷ്ണുതയുടെയും ആഘോഷമാണ് ഓണം എന്ന് അദ്ദേഹം പറഞ്ഞു.

( വോയിസ് )

*************************

## അത്താഘോഷം

RNUTVPM

സംസ്ഥാനത്തിന്റെ സാംസ്കാരിക വൈവിധ്യവും, കലാപാരമ്പര്യവും വിളിച്ചോതുന്ന അത്തച്ചമയ ഘോഷയാത്രയ്ക്ക് തൃപ്പൂണിത്തുറയിലെ നഗരവീഥികൾ സാക്ഷ്യം വഹിച്ചു. ചെണ്ടമേളങ്ങളുടെയും, നാടൻ കലാരൂപങ്ങളുടെയും അകമ്പടിയോടെ സംസ്ഥാനത്തിന്റെ പൈതൃകം വിളിച്ചോതുന്ന നിരവധി കലാകാരന്മാരാണ് ഘോഷയാത്രയിൽ പങ്കുചേർന്നത്. വയനാട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ നടക്കുന്നതിനാൽ, ദുരിതം അനുഭവിച്ചവരെ അനുസ്മരിച്ചുകൊണ്ടും അവരുടെ ദുഃഖത്തിൽ പങ്കുചേർന്നുമാണ് ഇക്കുറി അത്തം ഘോഷയാത്ര അരങ്ങേറിയത്. മഹാബലിയുടെ ഐതിഹ്യവുമായി ഏറെ ബന്ധപ്പെട്ടു നിലകൊള്ളുന്ന തൃക്കാക്കര മഹാക്ഷേത്രത്തിലെ ഉത്സവത്തിന് ഇന്ന് രാത്രി 8 മണിക്ക് കൊടിയേറും.

*************************

## മുഖ്യമന്ത്രി - ഓണം

ഓണാഘോഷ പരിപാടികളിൽ നിന്നും ജനങ്ങൾ വിട്ടുനിൽക്കണമെന്ന് സർക്കാർ അഭ്യർത്ഥിച്ചിട്ടില്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വയനാട് ഉരുൾപൊട്ടലിന്റെ പശ്ചാത്തലത്തിൽ ഓണാഘോഷവുമായി ബന്ധപ്പെട്ട് തെറ്റായ വാർത്തകൾ പ്രചരിക്കുന്നതായും അദ്ദേഹം പറഞ്ഞു. സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ നടക്കുന്ന വാരാഘോഷ പരിപാടികളാണ് ഒഴിവാക്കിയതെന്നും മുഖ്യമന്ത്രി വ്യക്തമാക്കി.

************************

## കൺസ്യൂമർ ഫെഡ്

സംസ്ഥാനത്ത് കൺസ്യൂമർ ഫെഡ് ഓണം വിപണി മുഖ്യമന്ത്രി ഇന്ന് ഉദ്ഘാടനം ചെയ്യും. മഞ്ഞ കാർഡ് ഉടമകൾക്കുള്ള ഓണക്കിറ്റ് തിങ്കളാഴ്ച മുതൽ വിതരണം ചെയ്യും. കുടുംബശ്രീ ഓണച്ചന്തകളുടെ സംസ്ഥാനതല ഉദ്ഘാടനം മന്ത്രി എം.ബി രാജേഷ് ചൊവ്വാഴ്ച പത്തനംതിട്ടയിൽ നിർവഹിക്കും.

************************

## കേരളം വ്യവസായ റാങ്കിങ്

വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനങ്ങളുടെ റാങ്കിങ്ങിൽ കേരളം രാജ്യത്ത് ഒന്നാമതെത്തിയത് സംസ്ഥാനത്തിന്റെ വ്യവസായ മേഖലയ്ക്ക് ഊർജം പകരുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കഴിഞ്ഞ 8 വർഷമായി വ്യാവസായിക രംഗത്ത് സംസ്ഥാനത്തുണ്ടായ മുന്നേറ്റത്തിന്റെ പ്രതിഫലനമാണ് പുരസ്കാരമെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. ഇന്നലെ ഡൽഹിയിൽ നടന്ന ചടങ്ങിൽ മന്ത്രി പി.രാജീവ് കേന്ദ്രമന്ത്രി പിയുഷ് ഗോയലിൽ നിന്ന് പുരസ്കാരം ഏറ്റുവാങ്ങി.

************************

## സ്പർശ്

പ്രതിരോധ പെൻഷൻകാർക്കായുള്ള സ്പർശ് ഔട്ട്റീച്ച് പ്രോഗ്രാമിന് തിരുവനന്തപുരം പാങ്ങോട് സൈനിക കേന്ദ്രത്തിൽ തുടക്കമായി.

RNU TVPM

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ മുഖ്യാതിഥിയായി. സൈനികർക്കും അവരുടെ കുടുംബങ്ങൾക്കും പിന്തുണ നൽകുന്നതിൽ സ്പർശ് പദ്ധതി വലിയ പങ്കാണ് വഹിക്കുന്നതെന്ന് ഗവർണർ പറഞ്ഞു.

*************************

## മന്ത്രി ജി.ആർ അനിൽ

സംസ്ഥാനത്തെ കെ-സ്റ്റോറുകളുടെ എണ്ണം അടുത്ത വർഷം രണ്ടായിരം കടക്കുമെന്ന് മന്ത്രി ജി.ആർ അനിൽ. ഓണത്തിന് മുൻപ് ആയിരം കെ-സ്റ്റോറുകളെന്ന ലക്ഷ്യത്തിന്റെ പൂർത്തീകരണം തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മന്ത്രി പ്രഖ്യാപിച്ചു. അമ്പൂരിയിലെ കൂട്ടപ്പൂവിൽ 46ആം നമ്പർ റേഷൻകടയെ കെ-സ്റ്റോറായി ഉയർത്തുന്ന ചടങ്ങും അദ്ദേഹം ഉദ്ഘാടനം ചെയ്തു. വൈദ്യുതി ബിൽ, ഫോൺ ബിൽ എന്നിവ അടക്കാനുള്ള സൗകര്യം, പഞ്ചായത്ത് വില്ലേജ്-സപ്ലൈ ഓഫീസുകളിൽ നിന്നുള്ള ഓൺലൈൻ സേവനങ്ങൾ ഉൾപ്പെടെ 52 ഇനം സേവനങ്ങൾ, 10,000 രൂപ വരെയുള്ള ബാങ്കിങ് സൗകര്യങ്ങൾ എന്നിവ കെ-സ്റ്റോറിൽ ലഭ്യമാണ്.

RNU TVPM

*************************

## സപ്ലൈക്കോ ഫെയർ .. ഇൻട്രോ

ഓണത്തോടനുബന്ധിച്ച് എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും നിയോജക മണ്ഡലം കേന്ദ്രങ്ങളിലും സപ്ലൈക്കോ ഫെയറുകൾ തുറക്കുമെന്ന് മന്ത്രി ജി ആർ അനിൽ.

(വോയ്സ്)

*************************

## മന്ത്രി എം ബി രാജേഷ്-കോഴിക്കോട്

തദ്ദേശ വകുപ്പുമായ് ബന്ധപ്പെട്ട നിയമഭേദഗതികൾ അടുത്ത നിയമസഭാ സമ്മേളനത്തിൽ അവതരിപ്പിക്കുമെന്ന് മന്ത്രി എം ബി

രാജേഷ് പറഞ്ഞു. കോഴിക്കോട് ജില്ലാതല തദ്ദേശ അദാലത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ചട്ടങ്ങളിലെ അവ്യക്തതമൂലം ഉദ്യോഗസ്ഥർ തീരുമാനമെടുക്കാൻ മടിച്ചുനിൽക്കുന്നതാണ് പരാതികൾ തീർപ്പാവാതെ കിടക്കാൻ കാരണം. ഇത് പരിഹരിക്കാൻ ചട്ടഭേദഗതികളിലൂടെ വ്യക്തത വരുത്തുമെന്നും മന്ത്രി പറഞ്ഞു.

*************************

## മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി

ഓണക്കാലത്ത് സാധനങ്ങളുടെ ലഭ്യത ഉറപ്പു വരുത്തുവാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി. കണ്ണൂർ ജില്ലാ ഓണം ഫെയർ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

*************************

## മാർച്ചിൽ സംഘർഷം

കണ്ണൂർ സിറ്റി പോലീസ് കമ്മീഷണർ ഓഫീസിലേക്ക് യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ചിൽ സംഘർഷം. ഉദ്ഘാടന പ്രസംഗത്തിനിടെ ബാരിക്കേഡ് മറികടക്കാൻ ശ്രമിച്ച പ്രവർത്തകർക്കു നേരെ ജലപീരങ്കി പ്രയോഗിച്ചു. തിരുവനന്തപുരത്ത് സെക്രട്ടറിയേറ്റിലേക്ക് കെപിസിസിയുടെ നേതൃത്വത്തിലും പ്രതിഷേധമാർച്ച് നടന്നു. പ്രതിപക്ഷ നേതാവ് വി ഡി സതീശൻ അടക്കമുള്ള നേതാക്കൾ സംസാരിച്ചു.

*************************

## പൂവിപണി

ഓണം പൂവിപണി ലക്ഷ്യമിട്ട് തിരുവനന്തപുരം ജില്ലയിൽ ഇരുന്നൂറ് ഹെക്ടറിലേറെ പ്രദേശത്താണ് പുഷ്പകൃഷി ഇറക്കിയത്. നേമം ബ്ലോക്കിൽ 47 ഹെക്ടറിലും നഗരസഭ പരിധിയിൽ 1.5 ഹെക്ടറിലും

RNU TVPM

പൂ കൃഷി ഇറക്കി. പള്ളിച്ചൽ ഗ്രാമപഞ്ചായത്തിൽ 20 ഹെക്ടറിൽ ജമന്തിയും ഹാര ജമന്തിയുമാണ് കൃഷി.

************************

## ധനമന്ത്രിമാരുടെ സമ്മേളനം

വിവിധ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാരുടെ സമ്മേളനം ഈ മാസം 12ന് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും. തെലങ്കാന, പഞ്ചാബ്, തമിഴ്നാട് തുടങ്ങിയ സംസ്ഥാനങ്ങളിലെ ധനമന്ത്രിമാർ, കർണാടക റവന്യു മന്ത്രി തുടങ്ങിയവർ പങ്കെടുക്കും.

************************

## കടമെടുക്കാൻ അനുമതി

സംസ്ഥാനത്തിന് 4,200 കോടി രൂപ കൂടി കടമെടുക്കാൻ കേന്ദ്ര ധനമന്ത്രാലയത്തിന്റെ അനുമതി.സംസ്ഥാന സർക്കാരിൻറെ അടിയന്തര ആവശ്യം പരിഗണിച്ചാണിത്. ഓണക്കാലചെലവുകൾക്ക് ഈ തുക സഹായകമാകും.

RMUTVPM

************************

## കടപ്പത്രം

സംസ്ഥാനത്തിന്റെ വികസനപ്രവർത്തനങ്ങളുടെ ധനശേഖരണാർഥം 1,500 കോടി രൂപയുടെ കടപ്പത്രം പുറപ്പെടുവിച്ചു. ഇതിനായുള്ള ലേലം ഈ മാസം 10ന് റിസർവ് ബാങ്കിന്റെ മുംബൈ ഫോർട്ട് ഓഫീസിൽ ഇ-കുബേർ സംവിധാനം വഴി നടക്കും.

************************

## കേരളം - അർജന്റീന ഫുട്ബോൾ

കായിക മന്ത്രി വി.അബ്ദുറഹിമാന്റെ നേതൃത്വത്തിലുള്ള ഉന്നതതല സംഘം അർജന്റീന ഫുട്ബോൾ അസോസിയേഷനുമായി

കൂടിക്കാഴ്ച നടത്തി. കേരളത്തെ അന്താരാഷ്ട്ര സൗഹൃദമത്സരത്തിന്റെ വേദിയാക്കാനുള്ള സാധ്യത ചർച്ചയായി.

************************

## പാരാലിമ്പിക്സ്

പാരിസ് പാരാലിമ്പിക്സിൽ ഇന്ത്യയുടെ മെഡൽ പോരാട്ടം തുടരുന്നു. പുരുഷന്മാരുടെ ജാവലിൻ ത്രോ, ഹൈജമ്പ്, ഷോട്ട്പുട്ട്, വനിതകളുടെ പവർലിഫ്റ്റിംഗ്, ജാവലിൻ ത്രോ എന്നിവയിലെ ഫൈനൽ മത്സരങ്ങളിൽ ഇന്ത്യൻ താരങ്ങൾ ഇന്നിറങ്ങും. പാരാലിമ്പിക്സിൽ നിലവിൽ 25 മെഡലുകളുമായി ഇന്ത്യ 16 – ാം സ്ഥാനത്താണ്.

************************

## കേരള ക്രിക്കറ്റ് ലീഗ്

കേരള ക്രിക്കറ്റ് ലീഗിൽ ഇന്ന് ഉച്ചയ്ക്ക് 2.30 ന് ആലപ്പി റിപ്പിൾസ്, ഏരീസ് കൊല്ലം സെയിലേഴ്സിനെ നേരിടും. വൈകുന്നേരം 6.45 ന് കാലിക്കറ്റ് ഗ്ലോബ് സ്റ്റാർസ്, ട്രിവാൻഡ്രം റോയൽസുമായി ഏറ്റുമുട്ടും. കാര്യവട്ടം ഗ്രീൻഫീൽഡ് സ്റ്റേഡിയത്തിലാണ് മത്സരങ്ങൾ.

RNU TVPM

************************

## ക്രിസ്റ്റ്യാനോ

ഫുട്ബോൾ ഇതിഹാസം ക്രിസ്റ്റ്യാനോ റൊണാൾഡോ 900 ഗോൾ എന്ന അപൂർവ്വ നേട്ടം സ്വന്തമാക്കി. യുവേഫ നേഷൻസ് ലീഗിൽ ഇന്നലെ രാത്രി ക്രൊയേഷ്യക്കെതിരായ മത്സരത്തിലാണ് പോർച്ചുഗൽ താരം 900 ഗോൾ എന്ന നേട്ടം സ്വന്തമാക്കിയത്.

***************************************************************
*************